**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 947** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>കൂത്തുപറമ്പ് ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കൂത്തുപറമ്പ് ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം പൂർണ്ണ തോതിൽ സജ്ജമാവാത്തത് കാരണം വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ;

**<u>മറുപടി:</u>** കൂത്തുപറമ്പ് ഹയർസെക്കന്ററി സ്കൂളിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശ പ്രകാരം തയ്യാറാക്കിയ പ്ലാൻ പ്രകാരം 1876 ച.മീ വിസ്തൃതിയുള്ള കെട്ടിടമാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ G.O(Rt)No. 3038/|2020/GEDN തീയതി 6/11/2020 പ്രകാരം അനുവദിച്ച 5 കോടി രൂപ ഉപയോഗിച്ച് കെട്ടിടത്തിന്റെ 554.08 ച.മീ വരുന്ന ഭാഗം മാത്രമേ ഭാഗികമായിട്ട് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. കെട്ടിടം പൂർണ്ണമായി നിർമ്മിക്കപ്പെട്ടാൽ മാത്രമേ പൂർണ്ണ സജ്ജമായി ഉപയോഗയോഗ്യമാവുകയുള്ളൂ.

**(ബി)** നേരത്തെ അനുവദിച്ച മൂന്ന് കോടി രൂപയുടെ നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ഇതുവരെയും ആരംഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** നേരത്തെ അനുവദിച്ച 3 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേനയുള്ളതല്ല. വിശദവിവരം ശേഖരിച്ചുവരുന്നു.

**(സി)** മുഴുവൻ ക്ലാസ് മുറികളും ഉപയോഗ യോഗ്യമാക്കാൻ എന്തൊക്കെ തടസ്സങ്ങളാണ് നിലവിലുള്ളതെന്നും ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നതെന്നും വിശദമാക്കുമോ?

**<u>മറുപടി:</u>** പൊതുമരാമത്ത് വകുപ്പ് പ്ലാൻ തയ്യാറാക്കിയ കെട്ടിടത്തിന്റെ 554.08 ച.മീ വിസ്തൃതി 5 കോടി രൂപ ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതോടെ കെട്ടിടത്തിന്റെ ഒരു ഭാഗത്തെ തറ നിലയിലുള്ള 3 ക്ലാസ് മുറികളും, ഒരു ലാബും പൂർത്തിയാക്കുകയും ഈ ഭാഗത്തെ ഒന്നാം നിലയിലെ 4 ക്ലാസുകൾ ഭാഗികമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തറലെവൽ പൂർത്തിയാക്കിയ ഭാഗത്തിന് ഫിറ്റ്നെസ് നൽകി സ്കൂൾ അധികൃതർക്ക് കൈമാറുകയും നിലവിൽ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. ബാക്കി പ്രവൃത്തിക്ക് പുതിയ പ്രൊപ്പോസൽ സ്കൂൾ അധികൃതർ സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**